# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 92 — 20.01.2014 ൽ മറുപടിക്ക്

## നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ:<br>ഡോ. ടി.എം. തോമസ് ഐസക്:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. എ. എം. ആരിഫ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരമേറ്റ ശേഷം സംഭരിച്ച നെല്ലിന്റെ സീസൺ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) 2013-14 ഒന്നാം സീസണിൽ സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കാര്യമായ കുറവ് ഉണ്ടായിട്ടില്ല. സപ്ലൈകോ കർഷകരിൽ നിന്നും താങ്ങുവില നൽകി നെല്ല് സംഭരിക്കുവാൻ ആരംഭിച്ചതിനു ശേഷം, ഏറ്റവുമധികം നെല്ല് സംഭരിച്ചത് 2011-12 വർഷത്തിലാണ്. എന്നാൽ 2012-13 രണ്ടാം സീസണിൽ സംസ്ഥാനം നേരിട്ട വരൾച്ച കാരണം പാലക്കാട്, തൃശ്ശൂർ ജില്ലയിൽ 5000 ഹെക്ടറിലേയും, ഓരു വെള്ളം കയറിയതിനാൽ കോട്ടയം ജില്ലയിൽ 4000 ഹെക്ടറിലേയും കൃഷി നശിച്ചിരുന്നു. ഓരുവെള്ളം കയറിയതിനാൽ, ഉൽപ്പാദനത്തിൽ കുറവുണ്ടായതിനു പുറമെ, നെല്ലിന്റെ ഗുണ നിലവാരത്തിലും വീഴ്ച സംഭവിച്ചിരുന്നു. അതിനാൽ 2012-13 സീസണിൽ നെല്ലു സംഭരണത്തിൽ കുറവുണ്ടായി.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംഭരിച്ച നെല്ലിന്റെ സീസൺ തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.<br>2010-11 2nd സീസൺ - 29,60,653.18 ക്വിന്റൽ<br>2011-12 1st&2nd സീസൺ - 56,08,242.94 ക്വിന്റൽ<br>2012-13 1st&2nd സീസൺ- 35,84,708.28 ക്വിന്റൽ<br>2013-14 1st സീസൺ - 13,49,580.00 ക്വിന്റൽ |
| (ബി) സംഭരിച്ച നെല്ലിന്റെ വില യഥാസമയം കർഷകർക്ക് നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഈ വകയിൽ കർഷകർക്ക് എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല. 2013-14 നടപ്പു വർഷത്തിലെ ഒന്നാം സീസണിൽ സപ്ലൈകോ ഇതുവരെ 1,34,958 മെ.ടൺ നെല്ല് സംഭരിക്കുകയും 239.9 കോടി രൂപ നെൽ വിലയായി കർഷകർക്ക് നൽകുകയും ചെയ്തു. 10.01.2014 വരെയുള്ള മുഴുവൻ തുകയും ഇതിനകം തന്നെ കൊടുത്തുതീർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംഭരണവില യഥാ സമയം ലഭിക്കാത്തതു മൂലം കർഷകർക്ക് രണ്ടാംവിള കൃഷി നട ത്താൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | പാലക്കാട് ജില്ലയിൽ ഒന്നാം വിള നെല്ല് സംഭരിച്ചതിന്റെ വില അടിയന്തിരമായി വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട്കൊണ്ട് പാലക്കാട് ജില്ലാ വികസന സമിതിയിൽ അവതരിപ്പിച്ച 30.11.2013 ലെ ഒരു പ്രമേയം സർക്കാരിൽ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കൊയ്ത്തു സീസൺ ആരംഭിക്കുമ്പോൾ തന്നെ നെല്ല് സംഭരണ ത്തിന് ആവശ്യമായ തുക റിവോൾവിംഗ് ഫണ്ടിലേക്ക് നിക്ഷേപി ക്കു മെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാ ക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഇ) | നെല്ല് സംഭരണത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന അലംഭാവം സ്വകാര്യ മില്ലുടമകൾക്ക് സഹായ കരമാകുന്നുണ്ടെന്ന കാര്യം അറിവുള്ള താണോ; | (ഇ) | സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണത്തിൽ അലംഭാവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ ഭൂരിഭാഗവും സപ്ലൈകോതന്നെയാണ് സംഭരിക്കുന്നത്. |
| (എഫ്) | ഇത് പൊതുകമ്പോള ത്തിൽ അരിയുടെ വില വർദ്ധനവിന് ഇടയാ ക്കുന്ന നടപടിയാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | (എഫ്) | സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ വിപണിയിടപെടൽ നിമിത്തം സംസ്ഥാനത്ത് അരിക്ഷാമം ഉണ്ടായിട്ടില്ല. പൊതുവിപണിയിൽ അരിയുടെ വില ഇപ്പോൾ നിയന്ത്രണവിധേയമാണ്. |

Beenau

സെക്ഷൻ ഓഫീസർ